2) **31.05.2017 ബുധനാഴ്ച ഉച്ചയ്ക്ക് 12.00 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 481–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.**

**ഹാജർ**

1) അഡ്വ. സി. എൻ. മോഹനൻ, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. എം. സ്വരാജ്, എം.എൽ.എ., തൃപ്പൂണിത്തുറ
3) ശ്രീ. കെ.ജെ. മാക്സി, എം.എൽ.എ., കൊച്ചി
4) ശ്രീ. എം.സി. ജോസഫ്, സെക്രട്ടറി, ജിസിഡിഎ.

**1. തീരുമാനം നമ്പർ 23/2017–18**

*24.04.2017 തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.സി.എൻ.മോഹനൻ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 480–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.*

24.04.2017–ൽ കൂടിയ 480–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**2. തീരുമാനം നമ്പർ 24/2017–18**

*23.03.2017–ൽ കൂടിയ 479–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർ നടപടി കുറിപ്പ്.*

23.03.2017–ൽ കൂടിയ 479–ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങളുടെ തുടർനടപടികുറിപ്പ് വായിച്ച് റെക്കോർഡ് ചെയ്തു.

**3. തീരുമാനം നമ്പർ 25/2017–18**

*ജിസിഡിഎ – റവന്യൂ വിഭാഗം – കടമുറി നം.19– പനമ്പിള്ളിനഗർ ഷോപ്പിംഗ് കോംപ്ലക്സ് – വാടക കരാർ വയ്ക്കുന്നത് – സംബന്ധിച്ച്. (നം.621/സി4/81/ജി.സി.ഡി.എ.)*

അതോറിറ്റി വക പനമ്പിള്ളിനഗർ ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നം.19 ശ്രീമതി.വൽസാ പോളിന് കടമുറിയുടെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ പ്രതിമാസവാടക പുതിയ നിരക്കിൽ നിശ്ചയിക്കുന്നതിനും നിലവിലെ നിയമ പ്രകാരമുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് വാർഷിക വാടകവർദ്ധനവ് എന്നിവ ബാധകമാക്കി കരാര വയ്പിക്കുന്നതിനും തീരുമാനിച്ചു.

**4. തീരുമാനം നമ്പർ 26/2017–18**

*ജിസിഡിഎ – എൻജിനീയറിംഗ് വിഭാഗം– ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം– വിളക്ക് കാലുകളിൽ പരസ്യം ചെയ്യുന്നതിനുള്ള ടെണ്ടർ അംഗീകരിക്കുന്നത് – സംബന്ധിച്ച്. (നം.ഇ2/3200/2016/ ജി.സി.ഡി.എ.)*

കലൂർ ജെ.എൻ.ഐ.എസ് ലെ വിളക്ക് കാലുകളിൽ പരസ്യം ബോർഡുകൾ സ്ഥാപിക്കുന്ന പ്രവൃത്തി റീടെണ്ടർ ചെയ്യുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 27/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം- ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം- ബി-1207, ബി-1208, ബി-1209, ബി-1210, ബി-1307, ബി-1308 എന്നീ നമ്പർ കടമുറികളുടെ അലോട്ടിയായ ശ്രീ.പി.എ.അബ്ദുൾ റഷീദിന് ഹൈഡ്രോമാറ്റിക് ടൂൾസ് തുടങ്ങുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിനുള്ള അപേക്ഷ - സംബന്ധിച്ച്.*
*(നം.സി-12/755/ബി-1207,ബി-1208,ബി-1209,ബി-1210,ബി-1307,ബി-1308/ജെഎൻഐഎസ്/ ജി.സി.ഡി.എ.)*

അതോറിറ്റി വക കലൂർ ജെ.എൻ.ഐ.എസ് ലെ ബി-1307, ബി-1308 എന്നീ കടമുറികൾക്ക് നിരാക്ഷേപപത്രം മാത്രമല്ല ബിസിനസ്സ് മാറ്റം കൂടി ആയതിനാൽ വിഷയം മാറ്റി വയ്ക്കുന്നതിനും ടെക്നിക്കൽ അഡ്വൈസറെക്കൊണ്ട് ഫയൽ പരിശോധിപ്പി ക്കുന്നതിനും അധികവാടക, അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ നിശ്ചയിച്ചതിനു ശേഷം അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിനും തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 28/2017-18**

*ജിസിഡിഎ - പനമ്പിള്ളിനഗർ ബങ്ക്-2 ബിസിനസ് മാറ്റം - സംബന്ധിച്ച്.*
*(നം.5613/സി14/90/ബങ്ക് 2/പി.എൻ/ജിസിഡിഎ)*

ജിസിഡിഎ വക പനമ്പിള്ളിനഗറിലുള്ള ബങ്ക് നം.2ന്റെ അലോട്ടിയായ ശ്രീമതി.എൻ.എസ്.ലതയ്ക്ക് വാടക പുതുക്കി നിശ്ചയിച്ച് അഡീഷണൽ വാടകയും കരുതൽ നിക്ഷേപവും ഈടാക്കി പർപ്പസ് മാറ്റുന്നതിനും കരാർ പുതുക്കി നൽകുന്നതിനും തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 29/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് എസ്-26 ബിസിനസ്സ് മാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം.15340/സി15/എസ്26/സിഎംഡിഎസ്/ ജിസിഡിഎ)*

മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ എസ്-26-ാം നമ്പർ കടമുറി ശ്രീ.റിയാസ് ടി.എയ്ക്ക് നിലവിലെ വാടക, സെക്യൂരിറ്റി തുക എന്നിവ പുതുക്കി നിശ്ചയിച്ച് ബിസിനസ്സ് മാറ്റം അനുവദിക്കുന്നതിനും ഇതേ സ്വഭാവമുള്ള ഷോപ്പ് സമീപത്ത് ഉണ്ടോയെന്ന് പരിശോധിക്കുന്നതിനും തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 30/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് കടമുറി നം.എ-26 ബിസിനസ്സിൽ 'ഹൗസ് കീപ്പിംഗ് കോൺട്രാക്ടർ സർവ്വീസ്' കൂടി ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്. (നം.1271/സി15/എ26/സിഎംഡിഎസ്/ ജിസിഡിഎ)*

അറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സിലെ എ-26-ാം നമ്പർ കടമുറിയിൽ ശ്രീമതി.റീന.എൽ.ന് ഹൗസ് കീപ്പിംഗ് കോൺട്രാക്ടർ സർവ്വീസ് കൂടി അനുവദിക്കുന്നതിനും ആയതിന് അധിക വാടക, അധിക സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ പുതുക്കി നിശ്ചയിച്ച് ഈടാക്കുന്നതിനും തീരുമാനിച്ചു.

**9. തീരുമാനം നമ്പർ 31/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വാണിജ്യ സമുച്ചയങ്ങളിലെ വിവിധ പാർക്കിംഗ് ഏരിയാകളിൽ നിന്നും ഈടാക്കി വരുന്ന പാർക്കിംഗ് ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ച് നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്. (നം.2120/എസ്റ്റേറ്റ്/ബി3/2017/ ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം വിവിധ പാർക്കിംഗ് ഏരിയകളിലെ പാർക്കിംഗ് ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ച നടപടി സാധൂകരിക്കുന്നതിനും കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തുടർന്ന് വരുന്ന വിവിധ പാർക്കിംഗ് ഏരിയകളുടെ ടെണ്ടർ/ലേലത്തിലും ടി നിരക്കുകൾ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**10. തീരുമാനം നമ്പർ 32/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - ശ്രീ.ഇ.സി.കൃഷ്ണൻ, ശ്രീമതി.കുഞ്ഞമ്മ കൊച്ചപ്പൻ എന്നിവർക്ക് അതോറിറ്റിയുടെ ചിലവിൽ തിരുത്താധാരം നടത്തുന്നത് - സംബന്ധിച്ച്. (നം.22666/എസ്റ്റേറ്റ്/എ3/83/ ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കടവന്ത്ര വെസ്റ്റ് നഗരവികസന പദ്ധതിക്കുവേണ്ടി ജിസിഡിഎ സ്ഥലം ഏറ്റെടുത്തപ്പോൾ കുടികിടപ്പുകാരായിരുന്ന ശ്രീ.ഇ.സി.കൃഷ്ണൻ, ശ്രീമതി.കുഞ്ഞമ്മ കൊച്ചപ്പൻ എന്നിവർക്ക് അനുവദിച്ച് നൽകിയ പുനരധിവാസ പ്ലോട്ടുകളുടെ ആധാരങ്ങളിൽ സ്ഥലവും അതിരളവുകളും മാറിപ്പോയതിനാൽ തിരുത്താധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും ചിലവാകുന്ന പണം അതോറിറ്റി ഫണ്ടിൽ നിന്നും എടുക്കുവാൻ വ്യവസ്ഥയില്ലെങ്കിൽ ബന്ധപ്പെട്ട സർവ്വീസിലുള്ളവരോ പിരിഞ്ഞവരോ ആയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു.

**11. തീരുമാനം നമ്പർ 33/2017-18**

*ജിസിഡിഎ - എസ്റ്റാ വിഭാഗം - അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ (ഇലക്ട്രിക്കൽ) കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് - സംബന്ധിച്ച്. (നം.6500/എസ്റ്റാ.1/09/ ജിസിഡിഎ)*

ഫിഫ അണ്ടർ-17 ലോകകപ്പ് മത്സരങ്ങളോടനുബന്ധിച്ചുള്ള കലൂർ ജെ.എൻ.ഐ.എസ് ലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഒരു അസി.എക്സി.എഞ്ചിനീയർ (ഇലക്ട്രിക്കൽ) ടെ സേവനം അനിവാര്യമായതിനാൽ 30.04.2017-ൽ അതോറിറ്റിയിൽ നിന്നും വിരമിച്ച ശ്രീ.മോഹനദാസൻ എ.ഇ.ഇ(ഇലക്ട്രിക്കൽ)നെ 08.05.17 മുതൽ 6 മാസത്തേക്ക് താൽക്കാലികമായി കരാറടിസ്ഥാനത്തിൽ പ്രതിമാസം 30,000/- രൂപ കൺസോളിഡേറ്റഡ് പ്രതിഫലം എന്ന വ്യവസ്ഥയിൽ നിയോഗിച്ച് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 34/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയാകളിൽ നിന്നും ഈടാക്കി വരുന്ന പാർക്കിംഗ് ഫീസ് നിരക്കും ടി ഏരിയാകളുടെ ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നതിനുള്ള ഇ.എം.ഡിയുടെ നിരക്കും വർദ്ധിപ്പിച്ച് നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്. (നം.3247എസ്റ്റേറ്റ്/ബി3/2017/ ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം മറൈൻഡ്രൈവ് ഗ്രൗണ്ട്/സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടം, കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിന് പടിഞ്ഞാറുവശം എന്നിവിടങ്ങളിലെ പാർക്കിംഗ് ഏരിയകളിൽ നിന്നും ഈടാക്കി വരുന്ന പാർക്കിംഗ് ഫീസും ഇ.എം.ഡിയും വർദ്ധിപ്പിച്ച നടപടി സാധൂകരിക്കുന്നതനും തുടർന്ന് വരുന്ന ടെണ്ടർ/ലേലങ്ങളിൽ ടി നിരക്കുകൾ ഉൾപ്പെടുത്തുന്നതിനും തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 35/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക ഹെലിപാഡിനു തെക്കുവശം മറൈൻഡ്രൈവ് ഗ്രൗണ്ട് (സുരേന്ദ്രൻ തറയിലിനു അനുവദിച്ചിട്ടുള്ള സ്ഥലത്തിനു വടക്കുവശം) പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനു ശ്രീ.ശിശുപാലനു നൽകിയ അവകാശം റദ്ദ് ചെയ്ത നടപടി സാധൂകരണം - സംബന്ധിച്ച്. (നം.943/എസ്റ്റേറ്റ്/ബി3/2016/ ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക മറൈൻഡ്രൈവ് ഗ്രൗണ്ട് ഹെലിപ്പാഡിന് തെക്കുവശം (ശ്രീ.സുരേന്ദ്രൻ തറയിലിന് അനുവദിച്ചിട്ടുള്ള സ്ഥലത്തിന് വടക്കുവശം) പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് ശ്രീ.ശിശുപാലന് നൽകിയ അവകാശം 29.04.2017 തീയതിയിൽ റദ്ദ് ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 36/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം- KL-7 BF 9421 എന്ന ഓഫീസ് വാഹനം ടെണ്ടർ ചെയ്ത് വിൽക്കുന്നതിനുള്ള അനുമതി നൽകുന്നത് - സംബന്ധിച്ച്. (നം.1189/ഇ3/93/ ജിസിഡിഎ)*

അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കെ.എൽ-7 ബിഎഫ് 9421 എന്ന അംബാസഡർ കാർ രജിസ്ട്രേഷൻ നടത്തി 10 വർഷം തികഞ്ഞ ശേഷം വിൽപ്പന നടത്തുന്നതിനും അത് വരെ ടി വാഹനം സുരക്ഷിതമായി സൂക്ഷിക്കുന്നതിനും തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 37/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം- അതോറിറ്റി വക - കൊച്ചി മറൈൻഡ്രൈവ് ഗ്രൗണ്ട്, കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിനു പടിഞ്ഞാറു വശം എന്നീ പാർക്കിംഗ് ഏരിയാകളിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിലേക്ക് 08.05.17-ൽ നടത്തിയ ടെണ്ടർ/ലേലം നടപടിക്രമങ്ങളുടെ ഭാഗമായി അലോട്ട്മെന്റ് ഉത്തരവുകൾ നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്. (നം.3247/എസ്റ്റേറ്റ്/ബി3/2017/ ജിസിഡിഎ)*

08.05.2017 തീയതിയിൽ നടന്ന പാർക്കിംഗ് ടെണ്ടർ/ലേലത്തിൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത താഴെ പറയുന്നവർക്ക് ടി ഏരിയയിൽ നിന്നും 01.06.2017 മുതൽ 31.05.2018 വരെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

1. ശ്രീ.ജിബിൻ ജോൺസൺ - കൊച്ചി മറൈൻഡ്രൈവ് ഗ്രൗണ്ട് - 67,67,676/- രൂപ
2. എറണാകുളം ടോൾ വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി - } 5,05,555/- രൂപ
   കലൂർ മണപ്പാട്ടിപ്പറമ്പ് റോഡിനു പടിഞ്ഞാറു വശം -

**16. തീരുമാനം നമ്പർ 38/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം-ജിസിഡിഎയുടെ അംബേദ്കർ സ്റ്റേഡിയം - റീ ഹാബിലിറ്റേഷൻ ബിൽഡിംഗിന്റെ പുതുക്കിയ നിർമ്മാണം - എസ്റ്റിമേറ്റ് അംഗീകരി ക്കുന്നത് - സംബന്ധിച്ച്. (നം.1169/ഇ1/2014/ ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം ജിസിഡിഎ വക അംബേദ്കർ സ്റ്റേഡിയത്തിലെ റീഹാബിലിറ്റേഷൻ ബിൽഡിംഗ് നിർമ്മാണത്തിനായി യഥാർത്ഥ ടി.എസ് ലും 0.18% അധികരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റായ 2,45,98,843/- രൂപ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 39/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - കലൂർ സ്റ്റേഡിയം കിഴക്കുഭാഗം മെ.ക്രഡായ് കൊച്ചിക്ക് പ്രോപ്പർട്ടി എക്സ്പോ നടത്തുന്നതിന് തീയതിയിൽ മാറ്റം വരുത്തി അനുവദിക്കുന്നതിന് 20% തുക കണ്ടു കെട്ടുന്നത് - സംബന്ധിച്ച്. (നം.5613/എസ്റ്റേറ്റ്/എ3/2016/ ജിസിഡിഎ)*

കലൂർ സ്റ്റേഡിയം കിഴക്കുഭാഗം മെ.ക്രെഡായ് കൊച്ചിക്ക് പ്രോപ്പർട്ടി എക്സ്പോ നടത്തുന്നതിന് തീയതിയിൽ മാറ്റം വരുത്തി അനുവദിച്ചത് മൂലം കുറവ് വന്നതുക മാത്രം ഈടാക്കി വിഷയം തീർപ്പാക്കുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 40/2017-18**

*ജിസിഡിഎ - ധനകാര്യ വിഭാഗം - അസസ്സ്മെന്റ് വർഷം - 2011-12 & 2012-13 ആദായനികുതി ഡിമാന്റിനെതിരെ ട്രിബൂണലിൽ അപ്പീൽ ഫയൽ ചെയ്ത വകയിൽ ചാർട്ടേഡ് അക്കൗണ്ടന്റിന് ഫീ നൽകുന്നത് - സംബന്ധിച്ച്. (നം.4068/എഫ്ബി1/2012/ ജിസിഡിഎ)*

അസ്സസ്സ്മെന്റ് വർഷം 2011-12 & 2012-13 ലേക്കുള്ള അതോറിറ്റിയുടെ ആദായനികുതി ഡിമാന്റിനെതിരെ ആദായനികുതി ട്രിബ്യൂണലിൽ അപ്പീൽ ഫയൽ ചെയ്തയിനത്തിൽ അപ്പീൽ ഫയലിംഗ് ഫീ, സ്റ്റേ പെറ്റീഷൻ ഫീ എന്നിവയടക്കം ആകെ 67100/- രൂപ ചാർട്ടേഡ് അക്കൗണ്ടന്റായ മെ.സണ്ണി ജോസഫ് & അസ്സോസ്സിയേറ്റ്സിന് അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 41/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സരിതമോൾ.എം.സി, ഓഫീസ് അറ്റൻഡന്റിന്റെ സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് ബഹു.സർക്കാരിലേക്ക് അപേക്ഷിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. (നം.2203/എസ്റ്റാ.2/2014/ ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം, അതോറിറ്റിയിൽ അന്യത്രസേവന വ്യവസ്ഥയിൽ ഓഫീസ് അറ്റൻഡന്റായി സേവനം അനുഷ്ഠിച്ചു വരുന്ന ശ്രീമതി.സരിത.എം.സിയുടെ സേവന കാലാവധി 03.06.2017 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുന്നതിന് ബഹു.സർക്കാരിലേക്ക് അപേക്ഷിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**20. തീരുമാനം നമ്പർ 42/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - അന്യത്രസേവന വ്യവസ്ഥയിൽ നിയമനത്തിനായി ശ്രീ.സുനിൽ.എസ്, സീനിയർ ക്ലർക്ക് സമർപ്പിച്ച അപേക്ഷ കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അയച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ച്. (നം.6222/എസ്റ്റാ.2/2012/ ജിസിഡിഎ)*

അതോറിറ്റിയിലെ സീനിയർ ക്ലർക്ക് ശ്രീ.സുനിൽ.എസ് കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിലേക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് നിരാക്ഷേപ സാക്ഷ്യപത്രം അയച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**21. തീരുമാനം നമ്പർ 43/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ശാഖയിൽ ആർക്കിടെക്ച്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I തസ്തികയിൽ സേവന മനുഷ്ഠിക്കുന്ന ശ്രീമതി.സീന.എം.ടി അതോറിറ്റിയിൽ ടി തസ്തികയിൽ ഡെപ്യൂട്ടേഷൻ ലഭിക്കുന്നതിലേക്കായി അപേക്ഷ സമർപ്പിച്ചിരിക്കുന്നത് സംബന്ധിച്ച്. (നം.7061/എസ്റ്റാ.1/2016/ ജിസിഡിഎ)*

കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ്, തിരുവനന്തപുരം ഹെഡ് ഓഫീസ് ശാഖയിലെ ആർക്കിടെക്ചറൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I ശ്രീമതി.സീന.എം.ടി അതോറിറ്റിയിൽ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് I തസ്തികയിൽ ഡെപ്യൂട്ടേഷൻ ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥ പ്രകാരം നിയമനം നൽകുന്നതിന് തീരുമാനിച്ചു.

**22. തീരുമാനം നമ്പർ 44/2017-18**

*ജിസിഡിഎ - റവന്യൂ വിഭാഗം - ഗാന്ധിനഗർ ലയൺസ് ക്ലബ്ബിനു സമീപമുള്ള അംഗൻവാടി കെട്ടിടത്തിൽ ലഭ്യമാക്കിയിട്ടുള്ള വൈദ്യുതി ബിൽ, വാട്ടർ ബിൽ അംഗൻവാടി അധികൃതരെകൊണ്ട് അടപ്പിക്കുന്നത് സംബന്ധിച്ച്.*
*(നം.1586/സി6/റവന്യൂ/ഇ.എൻ.റ്റി.പി.എസ്/ ജിസിഡിഎ)*

ലയൺസ് ക്ലബ്ബ് കൊച്ചി ഈസ്റ്റിന്റെ അധീനതയിൽ നിന്നും അതോറിറ്റി ഒഴിപ്പിച്ചെടുത്ത 35 സെന്റ് സ്ഥലത്ത് സ്ഥിതിചെയ്യുന്ന അംഗൻവാടി കെട്ടിടത്തിൽ ലഭ്യമാക്കിയിട്ടുള്ള വൈദ്യുതി ബിൽ, വാട്ടർ ബിൽ എന്നിവ അംഗൻവാടി അനധികൃതരെക്കൊണ്ട് അടപ്പിക്കുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 45/2017-18**

*ജിസിഡിഎ - നിയമ വിഭാഗം - ശ്രീ.അബ്ദുൾ ബഷീർ.കെ.എ ബഹു.ദേശീയ ഹരിത ട്രിബ്യൂണൽ ചെന്നൈയിൽ ഫയൽ ചെയ്തിട്ടുള്ള ആപ്ലിക്കേഷൻ നം.20/17 നമ്പർ കേസിൽ വക്കീലിന് ലോഡ്ജിംഗ് ടി.എ/ഡി.എ ചാർജ്ജ് അനുവദിക്കുന്നത് - സംബന്ധിച്ച്.*
*(നം.1677/എൽ.6/2017/ ജിസിഡിഎ)*

ശ്രീ.അബ്ദുൾ ബഷീർ കെ.എ ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ ചെന്നൈയിൽ ഫയൽ ചെയ്തിട്ടുള്ള 20/17 നമ്പർ കേസിൽ 13.03.2017 ന് ഹാജരായ വകയിൽ അഡ്വ.ജിമ്മി ജോർജ്ജിന് ടി.എ, ടാക്സി ചാർജ്ജ്, ലോഡ്ജിംഗ് ചാർജ്ജ്, ഡിഎ എന്നീ ഇനങ്ങളിലായി

5090/- രൂപ അനുവദിക്കുന്നതിനും സർക്കാർ അനുമതിക്ക് അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**24. തീരുമാനം നമ്പർ 46/2017-18**

*ജിസിഡിഎ - നിയമ വിഭാഗം - ലോയേഴ്സ് എൻവയോൺമെന്റൽ അവേർനസ് ഫോറം ബഹു.ദേശീയ ഹരിത ട്രിബ്യൂണൽ ചെന്നൈയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ 535/16 നമ്പർ കേസ് - വക്കീലിന് ലോഡ്ജിംഗ് ടി.എ/ഡി.എ ചാർജ്ജ് അനുവദിക്കുന്നത് - സംബന്ധിച്ച്. (നം.5923/എൽ.ഒ/2016/ജിസിഡിഎ)*

ലോയേഴ്സ് എൻവയോൺമെന്റൽ അവേർനസ് ഫോറം, ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ ചെന്നൈയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.എ 535/16 നമ്പർ കേസിൽ 3.03.2017 ന് ഹാജരായ വകയിൽ അഡ്വ.ജിമ്മി ജോർജ്ജിന് ടി.എ, ടാക്സി ചാർജ്ജ്, ലോഡ്ജിംഗ് ചാർജ്ജ്, ഡിഎ എന്നീ ഇനങ്ങളിലായി 5090/- രൂപ അനുവദിക്കുന്നതിനും സർക്കാർ അനുമതിക്കായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 47/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - വിവിധ വാണിജ്യ സമുച്ചയങ്ങ ളിലെ കടമുറികൾ/ഓഫീസ് സ്പേസുകൾ - വാടകയ്ക്ക് അനുവദിച്ചു നൽകുന്ന കാലാവധി ഏകീകരിക്കുന്നത് - സംബന്ധിച്ച്. (നം.2368/എസ്റ്റേറ്റ്/ബി2/2017/ജിസിഡിഎ)*

അതോറിറ്റിയുടെ വിവിധ വാണിജ്യ കേന്ദ്രങ്ങളിലെ കടമുറികൾ/ഓഫീസ് സ്പേസുകൾ/ഗോഡൗണുകൾ എന്നിവയുടെ നിലവിലുള്ള കരാർ കാലാവധി തീരുന്ന മുറയ്ക്ക് കരാറുകൾ 3 വർഷത്തേക്ക് മാത്രം രജിസ്റ്റർ ചെയ്ത് നൽകിയാൽ മതിയെന്ന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 48/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - വിവിധ വാണിജ്യ സമുച്ചയങ്ങ ളിലെ കടമുറികൾ/ഓഫീസ് മുറികൾ - 3 മാസത്തിലധികം വാടക കുടിശ്ശികയുള്ളതും എഗ്രിമെന്റ് വയ്ക്കാത്തതുമായ കടമുറികളുടെ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നത് - സംബന്ധിച്ച്. (നം.175/എസ്റ്റേറ്റ്/ബി2/2017/ജിസിഡിഎ)*

അതോറിറ്റിയുടെ വിവിധ വാണിജ്യസമുച്ചയങ്ങളിലെ കടമുറികൾ/ഓഫീസ് സ്പേസുകൾ എന്നിവയിൽ മാസങ്ങളായി വാടക കുടിശ്ശികയുള്ളതും എഗ്രിമെന്റ് വയ്ക്കാതെ തുടരുന്നതുമായവയുടെ അലോട്ട്മെന്റ് റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 49/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - കലൂർ ജെ.എൻ.ഐ സ്റ്റേഡിയം - ശ്രീ.കെ.എൻ.ഫജറിൽ നിന്നും തിരിച്ചെടുത്ത കടമുറികളിൽ സ്റ്റോക്ക് ചെയ്തിട്ടുള്ള വസ്തുക്കൾ പൊതു ലേലത്തിലൂടെ വില്പന നടത്തുന്നത് - സംബന്ധിച്ച്. (നം.8583/എസ്റ്റേറ്റ്/ബി2/2002/ജിസിഡിഎ)*

അതോറിറ്റി വക കലൂർ ജെ.എൻ.ഐ.എസ് ൽ ശ്രീ.കെ.എൻഫജറിൽ നിന്നും തിരിച്ചെടുത്ത 7 കടമുറികളിലെ കാഡ്കോ നൽകിയിരിക്കുന്ന എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരമുള്ള വസ്തുക്കൾ പൊതുലേലത്തിലൂടെ വില്പന നടത്തുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 50/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം - ഫിഫ അർ - 17- അടിയന്തിര പ്രവൃത്തികൾ - കരാറുകാരുടെ പട്ടിക അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം.ഇ2/2310/2017/ജിസിഡിഎ)*

കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ഫിഫ അണ്ടർ 17 നോടനുബന്ധിച്ച് ഭാവിയിൽ അടിയന്തിരമായി ചെയ്ത് തീർക്കേണ്ട പ്രവൃത്തികൾ, ജിസിഡിഎയുടെ മെയിന്റനൻസ് വർക്കുകൾ എന്നിവ കാലതാമസം ഒഴിവാക്കി അടിയന്തിരമായി ലിമിറ്റഡ് ടെണ്ടറുകൾ സ്വീകരിച്ച് നടപ്പാക്കുന്നതിലേക്കായി താഴെ പറയും പ്രകാരമുള്ള കരാറുകാരുടെ പട്ടിക അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

സിവിൽ പ്രവൃത്തികൾ

1. ടി.സി.കുര്യൻ, 2. പ്രിൻസ് ടി ആന്റണി, 3. വി.ജെ.ജോയി, 4. പി.എ.അഗസ്റ്റിൻ, 5. കെ.എം.സാജു, 6. സുധീർ.പി.പി

ഇലക്ട്രിക്കൽ പ്രവൃത്തികൾ

1. മെ.നേവ് ടെക്, 2. മെ.ടെക്സോൺ എഞ്ചിനീയേഴ്സ്, 3. മെ.പവ്വർ കെയർ, 4. മെ.കീർത്തി ഇലക്ട്രിക്കൽസ്

**29. തീരുമാനം നമ്പർ 51/2017-18**

*ജിസിഡിഎ - എസ്റ്റേറ്റ് വിഭാഗം - ഡി-ടൈപ്പ് ക്വാർട്ടറുകളുടെ യോഗ്യത നിർണ്ണയ വ്യവസ്ഥയിൽ ഭേദഗതി വരുത്തുന്നത് - സംബന്ധിച്ച്. (നം.801/എസ്റ്റേറ്റ്/എ1/2012/ജിസിഡിഎ)*

ബഹു.സർക്കാർ, അതോറിറ്റിയിലെ മിനിസ്റ്റീരിയൽ സ്റ്റാഫ് പാറ്റേൺ മുനിസിപ്പൽ കോമൺ സർവ്വീസ് പ്രകാരം മാറ്റിയതിനാൽ സെക്ഷൻ ഓഫീസർ തസ്തികക്ക് പകരമായ സൂപ്രണ്ട് തസ്തികയുടെ 30700-65400 രൂപ ശമ്പള സ്കെയിലും അതിനു മുകളിലുള്ള ശമ്പള സ്കെയിലുകളിലെ തസ്തികയിലെ ജീവനക്കാർക്കും കൂടി ഡി-ടൈപ്പ് ക്വാർട്ടറുകൾ

അനുവദിച്ച് നൽകാവുന്ന വിധത്തിൽ ക്വാർട്ടേഴ്സ് അലോട്ട്മെന്റ് റൂളിൽ ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചു.

**30. <u>തീരുമാനം നമ്പർ 52/2017-18</u>**

*ജിസിഡിഎ - ധനകാര്യ വിഭാഗം - അതോറിറ്റിയിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പത്താം ശമ്പള പരിഷ്ക്കരണ പ്രകാരം കുടിശ്ശിക നൽകുന്നത് - സംബന്ധിച്ച്. (നം.1198/എഫ്.ബി3/2011/ജിസിഡിഎ)*

അതോറിറ്റിയിൽ നിന്നും 01.02.2016 ന് ശേഷം വിരമിച്ച ജീവനക്കാർക്ക് 20.01.2016 ലെ പത്താം ശമ്പള പരിഷ്ക്കരണ സർക്കാർ ഉത്തരവ് 7/2016/ധന നമ്പർ പ്രകാരമുള്ള കുടിശ്ശിക സർക്കാർ അനുമതി ലഭ്യമാക്കിയതിന് ശേഷം നൽകുന്നതിന് തീരുമാനിച്ചു.

**31. <u>തീരുമാനം നമ്പർ 53/2017-18</u>**

*ജി.സി.ഡി.എ. - ധനകാര്യ വിഭാഗം - പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം നൽകിയ ശമ്പളം തിരിച്ച് പിടിക്കണമെന്ന ഓഡിറ്റ് വിഭാഗത്തിന്റെ നിർദ്ദേശം പുനപരിശോധന/പിൻവലിക്കൽ - സംബന്ധിച്ച്.*
*(നം. 2576/എഫ്.ബി.3/2012/ജി.സി.ഡി.എ.)*

വിഷയം വിശദമായി ചർച്ച ചെയ്തു. സംസ്ഥാന സർക്കാരിന്റെ 20.01.2016-ലെ ഉത്തരവ് നമ്പർ 7/16/ധന പ്രകാരമുള്ള പത്താം ശമ്പള പരിഷ്ക്കരണം ജിസിഡിഎയിൽ അനുവദിക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ പുരോഗമിക്കുന്ന സാഹചര്യത്തിലും നിർവ്വാഹക സമിതിയുടെ തീരുമാന പ്രകാരം ജീവനക്കാർ സമർപ്പിച്ച അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ അനുവദിച്ച് നൽകിയ ശമ്പള പരിഷ്ക്കരണാനുകൂല്യങ്ങൾ മുൻപ് മറ്റാരിൽ നിന്നും തിരികെ ഈടാക്കാത്ത സാഹചര്യത്തിലും 31.03.2017 ൽ റിട്ടയർ ചെയ്ത ശ്രീമതി.എൻ.ആർ.ഓമന ഡെപ്യൂട്ടി ടൗൺ പ്ലാനറുടെ കാര്യത്തിൽ പുതുക്കിയ നിരക്കിലുള്ള മുഴുവൻ ശമ്പളവും ടിയാരിയുടെ ഡി.സി.ആർ.ജിയിൽ നിന്നും തിരികെ ഈടാക്കണമെന്നുള്ള ഓഡിറ്റ് വിഭാഗത്തിന്റെ തീരുമാനം പുന:പരിശോധിക്കുന്നതിനും/ പിൻവലിക്കുന്നതിനും സംസ്ഥാന ഓഡിറ്റ് വിഭാഗത്താട് അഭ്യർത്ഥിക്കുന്നതിന് തീരുമാനിച്ചു.

**32. <u>തീരുമാനം നമ്പർ 54/2017-18</u>**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - അതോറിറ്റിയിൽ ബഹു.ചെയർമാന്റെ നിർദ്ദേശാനുസരണം അതോറിറ്റിയുമായി ബന്ധപ്പെട്ട ഒരു ലെയ്സൺ ഓഫീസ് ആരംഭിച്ചതും, ലെയ്സൺ ഓഫീസർ ചുമതല ശ്രീ.റ്റി.ആർ.വിനോയ്കുമാർ (സീനിയർ ക്ലർക്ക്)-ന് നൽകിയതും സംബന്ധിച്ച ഉത്തരവ് - സാധൂകരണം - സംബന്ധിച്ച്. (നം.4113/ജി3/2017/ജിസിഡിഎ)*

അതോറിറ്റിയിലെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, പ്രവർത്തനം സുഗമവും ത്വരിതവുമാക്കുക, ബഹു.എക്സി.കമ്മിറ്റി, ജനറൽ കൗൺസിൽ തീരുമാനങ്ങളുടെ തുടർനടപടി സംബന്ധിച്ച മോണിട്ടറിംഗ് അതോറിറ്റിയുടെ വരുമാനം, സ്വത്ത് വകകൾ എന്നിവ സംബന്ധിച്ച് ക്രിയാത്മക റിപ്പോർട്ട് ചെയർമാന് സമർപ്പിക്കുക, ചെയർമാന് ലഭിക്കുന്ന പരാതികൾ, അപേക്ഷകൾ എന്നിവയിൽ അടിയന്തിര നടപടി ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക എന്നീ ആവശ്യങ്ങൾക്കായി ഒരു ലെയ്സൺ ഓഫീസ് ആരംഭിക്കുകയും ലെയ്സൺ ഓഫീസറായ ശ്രീ.ടി.ആർ.വിനോയ്കുമാർ, സീനിയർ ക്ലർക്കിനെ നിയമിക്കുകയും ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**33. <u>തീരുമാനം നമ്പർ 55/2017-18</u>**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം-ജെ.എൻ.ഐ.സ്റ്റേഡിയം +121.98 ലെവലിൽ പുതിയതായി ജലവിതരണ പൈപ്പുകൾ സ്ഥാപി ക്കുന്നത് - സംബന്ധിച്ച്.*
*(നം. ഇ2/2480/2017/ജിസിഡിഎ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ് ൽ നിലവിൽ ജി.ഐ.പൈപ്പ് ഉപയോഗിച്ചിരിക്കുന്ന പമ്പിംഗ് ലൈനുകളും ഡിസ്ട്രിബ്യൂഷൻ ലൈനുകളും കാലപ്പഴക്കത്താൽ ദ്രവിച്ച് നാശോന്മുഖമായിട്ടുള്ളതിനാൽ അവ മാറ്റി യു.പി.വി.സി ഷെഡ്യൂൾ പൈപ്പുകളും അനുബന്ധ ഫിറ്റിംഗ്സും വാൽവും സ്ഥാപിക്കുന്ന 71 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഫിഫയുടെ പ്രവർത്തനങ്ങൾക്ക് ക്ഷതം തട്ടാതെ ലിമിറ്റഡ് ടെണ്ടർ ക്ഷണിച്ച നടപടി സാധൂകരിക്കുന്നതിനും +121.98 ലെവലിൽ പൈപ്പ് ലൈൻ ഇടുന്നതിന് 8.3% കൂടിയ നിരക്ക് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**34. <u>തീരുമാനം നമ്പർ 56/2017-18</u>**

*ജിസിഡിഎ - റവന്യൂ വിഭാഗം (സി.സി)- ചേരി നിർമ്മാർജന പദ്ധതി- തമ്മനം കിസ്സാൻ കോളനി-സ്ലം വീട് നം. 169- നിരാക്ഷേപ പത്രം നൽകുന്നത് - സംബന്ധിച്ച്.*
*(നം. സി 11/റവന്യൂ (സിസി)/ എച്ച്. നം. 169/റ്റി.കെ.സി/ജിസിഡിഎ)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നം.169, ശ്രീ.സേവ്യർ തമ്പിക്ക് വീടിന്റെ ആധാരം ബാങ്കിൽ പണയപ്പെടുത്തി ലോണെടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിന് തീരുമാനിച്ചു.

**35. <u>തീരുമാനം നമ്പർ 57/2017-18</u>**

*ജിസിഡിഎ - റവന്യൂ വിഭാഗം (സി.സി)- നിരാക്ഷേപപത്രം നൽകുന്നത് - സംബന്ധിച്ച്. (നം. സി 11/4061/റവന്യൂ (സിസി)/ ടി.കെ.സി-99/ ജി.സി.ഡി.എ.)*

അതോറിറ്റിയുടെ ചേരി നിർമ്മാർജ്ജന പദ്ധതിയിൽപ്പെട്ട തമ്മനം കിസ്സാൻ കോളനിയിലെ വീട് നം.99, ശ്രീമതി.സൈനബയ്ക്ക് വീടിന്റെ ആധാരം പണയം വെച്ച് ലോണെടുക്കുന്നതിന് നിരാക്ഷേപ പത്രം നൽകുന്നതിന് തീരുമാനിച്ചു.

**36. തീരുമാനം നമ്പർ 58/2017-18**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - ഫിഫ U-17 World Cup - കോംപറ്റീഷന് ഏരിയയിലുള്ള അധിക പ്രവൃത്തികൾ - സംബന്ധിച്ച്.*
*(നം. ഇ.2/3990/2017/ജി.സി.ഡി.എ)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ ജെ.എൻ.ഐ.എസ് ൽ ഫിഫ അണ്ടർ-17 ലോകകപ്പിനോടനുബന്ധിച്ച് കോംപറ്റീഷൻ ഏരിയയിലുള്ള അധിക നവീകരണ പ്രവൃത്തികൾ മെയ് 15 നകം പൂർത്തീകരിക്കണമെന്ന് ഫിഫ ഉദ്യോഗസ്ഥർ സൈറ്റ് സന്ദർശിച്ചതിൽ അറിയിച്ചിരുന്നതിനാലും വെന്യൂ സന്ദർശിച്ചതിൽ സ്റ്റേഡിയത്തിന്റെ പുരോഗതിയിൽ നിരാശ രേഖപ്പെടുത്തുകയും വെന്യൂ നഷ്ടപ്പെട്ടുപോയേക്കാമെന്ന സാഹചര്യവും കണക്കിലെടുത്ത് 88 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ലിമിറ്റഡ് ടെണ്ടർ ചെയത് നടപടി സാധൂകരിക്കുന്നതിനും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.പ്രിൻസ്.ടി.ആന്റണിക്ക് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിനും തീരുമാനിച്ചു.

**37. തീരുമാനം നമ്പർ 59/2017-18**

*ജിസിഡിഎ - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ - കടവന്ത്ര റോഡിൽ കതൃക്കടവ് മുതൽ കലൂർ വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തി (റീച്ച് 2) -റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുന്നത് - സംബന്ധിച്ച്. (നം. 796/ഇ1/2016/ ജി.സി.ഡി.എ.)*

അജണ്ട കുറിപ്പിൽ വിവരിച്ചത് പ്രകാരം കലൂർ - കടവന്ത്ര റോഡിൽ കത്തൃക്കടവ് മുതൽ കലൂർ വരെയുള്ള ഭാഗത്തെ പുനരുദ്ധാരണ പ്രവൃത്തി (റീച്ച്2) ക്കായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തുക 2,79,55,000/- രൂപ അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**38. തീരുമാനം നമ്പർ 60/2017-18**

*ജിസിഡിഎ - ജീവനക്കാര്യം - അന്യത്രസേവന വ്യവസ്ഥയിൽ കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി. അശ്വതി.എസ് നായരുടെ നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ പരിഗണിക്കുന്നതിനും ആയതിനുള്ള അനുമതിക്കായി ബഹു.സർക്കാർ സമക്ഷം അപേക്ഷിക്കുന്നതും - സംബന്ധിച്ച്.*
*(നം. 2969/എസ്റ്റാ.2/2013/ ജി.സി.ഡി.എ.)*

കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റിലെ എൽ.ഡി.ടൈപ്പിസ്റ്റ് ശ്രീമതി.അശ്വതി.എസ്.നായർ അന്യത്ര സേവന വ്യവസ്ഥയിൽ അതോറിറ്റിയിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ നിയമനത്തിനായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനും ബഹു.സർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിക്കുന്നതിനും തീരുമാനിച്ചു.

**39. <u>തീരുമാനം നമ്പർ 61/2017-18</u>**

*ജിസിഡിഎ - പൊതുഭരണ വിഭാഗം - അതോറിറ്റിയിലെ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് ഒരു ടെക്നിക്കൽ കൺസൾട്ടന്റിനെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നത് - സംബന്ധിച്ച്. (നം. 4283/ജി3/2017/ ജി.സി.ഡി.എ.)*

അതോറിറ്റിയുടെ 2017-18 ലെ വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ സമയബന്ധിതമായ ആസൂത്രണത്തിനും പൂർത്തീകരണത്തിനും നിലവിലുള്ള പദ്ധതികളുടെ നിർവ്വഹണത്തിനും ഒരു ടെക്നിക്കൽ അഡ്വൈസറുടെ സേവനം അത്യന്താപേക്ഷിതമായതിനാൽ പ്രവൃത്തി പരിചയവും സാങ്കേതിക വൈദഗ്ദ്ധ്യവുമുള്ള ഒരാളെ കരാറടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് തീരുമാനിച്ചു.

യോഗം 1.30 മണിക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി